സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധന

18 (*108) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതു മാർക്കറ്റിൽ രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ സപ്ലൈകോ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത് എത്രത്തോളം ഉചിതമായ നടപടിയാണ് ; ഇത്തരത്തിൽ വില വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) ഏതെല്ലാം ഇനങ്ങൾക്ക് എത്ര ശതമാനമാണ് നിരക്ക് വർദ്ധനയെന്ന് വെളിപ്പെടുത്താമോ ; വിലവർദ്ധനവിന് മുമ്പും വർദ്ധിച്ചതിനുശേഷവുമുള്ള വില വിവരം ലഭ്യമാക്കാമോ ;

(ഡി) സബ്സിഡി ഇല്ലാത്ത സാധനങ്ങൾ സപ്ലൈകോ വാങ്ങിയ വിലയേക്കാൾ വളരെ കൂടിയ നിരക്കിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ&ബി) സപ്ലൈകോ പൊതുവിതരണ ശൃംഗലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വിൽപന വില ഈ സാമ്പത്തികവർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപന വില കൂടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി ഇരുപത് ശതമാനം മുതൽ മുപ്പത്തിയഞ്ച് ശതമാനം വരെ കുറവാണ്. സബ്സിഡി അൽപം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും അവയുടെ പൊതുവിപണിയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണി ഇടപെടൽ നയത്തിന്റെ ഭാഗമാണ്.

(സി) 1-12-2014 മുതൽ ചില സാധനങ്ങളുടെ വിലയിൽ കുറവ് വരുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി * വച്ചിട്ടുണ്ട്.

(ഡി) ഇല്ല.

റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി ലഭ്യമാക്കാൻ നടപടി

19 (*109) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോയെന്ന് വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly